## കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ ഡി.പി.ഐ. ജോയിന്റ് ഡയറക്ടർ/ഡി.ഡി.ഇ./ഡി.ഇ.ഒ. തസ്തികയിലെ സ്ഥലംമാറ്റ ക്രമീകരണവും സ്ഥാനക്കയറ്റവും നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(സാധാ) നം. 1765/2019/പൊ.വി.വ.** തീയതി, തിരുവനന്തപുരം 17/05/2019

=============================================================

പരാമർശം:- 1) സ.ഉ.(പി) നം. 2/2019/പൊ.വി.വ. തീയതി 28.02.2019.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.04.2019-ലെ ഡി3/312/2019/DPI നമ്പർ കത്ത്.

## ഉ ത്ത ര വ്

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം പരാമർശം (1)-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഇപ്പോൾ സമഗ്രശിക്ഷ കേരളയിൽ അഡീഷണൽ പ്രോജക്ട് ഡയറക്ടറായി അന്യത്ര സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ആർ.എസ്.ഷിബുവിനെ എ.ഡി.പി.ഐ. കേഡറിൽ 85000-117600 രൂപ ശമ്പള നിരക്കിൽ റഗുലർ വ്യവസ്ഥയിൽ സ്ഥാനക്കയറ്റം നൽകി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അഡീഷണൽ ഡി.പി.ഐ.(അക്കാഡമിക്) ആയി നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം ഇപ്പോൾ ഡി.പി.ഐയിൽ ജോയിന്റ് ഡയറക്ടറായി ജോലിനോക്കി വരുന്ന ശ്രീ.സി.എ.സന്തോഷിനെ സമഗ്രശിക്ഷ കേരളയിൽ അഡീഷണൽ പ്രോജക്ട് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ സ്ഥലം മാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

3) മേൽപ്പറഞ്ഞ സ്ഥലംമാറ്റം നടപ്പിലാക്കിയശേഷം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം പരാമർശം (1)-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഇപ്പോൾ കാസർഗോഡ് ഡി.ഡി.ഇ. ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ഗിരീഷ് ചോലായിലിനെ ജോയിന്റ് കമ്മീഷണർ/ ജോയിന്റ് ഡയറക്ടർ കേഡറിൽ 68700-110400 രൂപ ശമ്പള നിരക്കിൽ റഗുലർ വ്യവസ്ഥയിൽ സ്ഥാനക്കയറ്റം നൽകി ഡി.പി.ഐയിൽ ജോയിന്റ് ഡയറക്ടറായി ശ്രീ.സി.എ.സന്തോഷിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം പരാമർശം (1)-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ഡി.ഇ.ഒ.മാരെ 45800-89000 രൂപ ശമ്പള നിരക്കിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരായി റഗുലർ വ്യവസ്ഥയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

1) ശ്രീ.ഇബ്രാഹിം തോണിക്കര, ഡി.ഇ.ഒ., മണ്ണാർക്കാട്

2) ശ്രീ.കെ.രാധാകൃഷ്ണൻ, ഡി.ഇ.ഒ., തളിപ്പറമ്പ്.

5) ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ടിയാരെ താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

1. ശ്രീ.ഇബ്രാഹിം തോണിക്കരയെ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറായി നിലവിലുള്ള ഒഴിവിലും
2. ശ്രീ.കെ.രാധാകൃഷ്ണനെ കാസർഗോഡ് ഡി.ഡി.ഇ. ആയി ശ്രീ. ഗിരീഷ് ചോലായിലിന് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിലും

6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം താഴെ പറയുന്ന ഡി.ഇ.ഒ. കേഡറിലുള്ള ഉദ്യോഗസ്ഥരെ സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

1) ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.അനിത.കെ-യെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും
2) തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീ.മനോഹർ ജവഹർ.കെ.കെ.-യെ തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസറായി ശ്രീ.കെ.രാധാകൃഷ്ണന് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിലും
3) കുട്ടനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.കെ.വത്സലയെ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും
4) കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.ഇ.പത്മകുമാരിയെ മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും

7) മേൽപ്പറഞ്ഞ സ്ഥലംമാറ്റം നടപ്പിലാക്കിയശേഷം പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും താഴെ പറയുന്ന ഉദ്യോഗസ്ഥരെ, ഡി.പി.ഐയുടെ ശുപാർശയിൻ പ്രകാരം 42500-87000 രൂപ ശമ്പള നിരക്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകി റഗുലർ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

1. ശ്രീമതി.സുലോചന എ.കെ., എച്ച്.എം, GVHSS, കടപ്പുറം, തൃശ്ശൂർ.
2. ശ്രീ.അബ്ദുൽ മജീദ്.പി, എച്ച്.എം.എൻ.ജി.ഒ. ക്വാർട്ടേഴ്സ്, ഗവ.എച്ച്.എസ്.മാരിക്കുന്ന്.
3. ശ്രീ.സുരേഷ്ബാബു റ്റി.പി., എം.എം. ജി.എച്ച്.എസ്.എസ്. വെള്ളിയോട്.
4. ശ്രീമതി.മീര. എൻ.എ., എച്ച്.എം, ജി.എ.ജി.എച്ച്.എസ്., കോഴിക്കോട്.
5. ശ്രീമതി.സുനിത ടി.എസ്., എ.ഇ.ഒ, ചാത്തന്നൂർ, കൊല്ലം.

8) ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ, ടിയാരെ താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

1. ശ്രീമതി.സുലോചന എ.കെ.യെ തൃശ്ശൂർ ഡി.ഇ.ഒ. ആയി ശ്രീ.മനോഹർ ജവഹറിനെ സ്ഥലം മാറ്റുന്ന ഒഴിവിലും
2. ശ്രീ.അബ്ദുൽ മജീദ്.പി-യെ മണ്ണാർക്കാട് ഡി.ഇ.ഒ. ആയി ശ്രീ.ഇബ്രാഹിം തോണിക്കരയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിലും
3. ശ്രീ.സുരേഷ്ബാബു റ്റി.പി.-യെ കുട്ടനാട് ഡി.ഇ.ഒ. ആയി ശ്രീമതി.വത്സല.കെ-യെ സ്ഥലംമാറ്റുന്ന ഒഴിവിലും
4. ശ്രീമതി.മീര.എൻ.എ.-യെ ചേർത്തല ഡി.ഇ.ഒ. ആയി ശ്രീമതി.അനിതയെ സ്ഥലംമാറ്റുന്ന ഒഴിവിലും

5. ശ്രീമതി.സുനിത.ടി.എസ്.-നെ കോതമംഗലം ഡി.ഇ.ഒ. ആയി ശ്രീമതി.പത്മകുമാരിയെ സ്ഥലംമാറ്റുന്ന ഒഴിവിലും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം).

**അജി ഫിലിപ്പ്**
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി3/100/2019/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് - വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്

<u>പുറത്തെഴുത്ത് നം. ഡി3/312/2018/ഡിപിഐ തീയതി. 18.05.2019</u>

സ.ഉ. (സാധാ)നം. 1765/2019/പൊ.വി.വ. തീയതി. 17.05.2019 ബന്ധപ്പെട്ട ആഫീസർമാരുടെ അറിവിലേക്കും തുടർ നടപടിക്കൾക്കുമായി അയക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്,

ബന്ധപ്പെട്ട ഓഫീസർമാരുടെയും അറിവിലേക്ക്

പകർപ്പ്:-

ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും,